മാതൃഭൂമി
കണ്ണൂർ എഡിഷൻ
03/11/2025
Page 3
കോളം 2

# ത്രോബോൾ ചാമ്പ്യൻഷിപ്പ്

**മട്ടന്നൂർ**

ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ്, ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് എട്ട്, ഒമ്പത് തീയതികളിൽ മട്ടന്നൂർ എച്ച്എസ്എസ് ഗ്രൗണ്ടിൽ നടക്കും. മിനി ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കുട്ടികൾ 2013 ജനുവരി ഒന്നിനും അതിനുശേഷവും ജനിച്ചവരായിരിക്കണം. എറണാകുളത്ത് നടക്കുന്ന സംസ്ഥാന സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ മത്സരത്തിൽനിന്ന് തെരഞ്ഞെടുക്കും. ഫോൺ :79027 94080.

ദേശാഭിമാനി
കണ്ണൂർ എഡിഷൻ
03/11/2025
Page 3
കോളം 3

# ത്രോബോൾ ചാമ്പ്യൻഷിപ്പ് മട്ടന്നൂരിൽ

**മട്ടന്നൂർ:** ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ്, ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 8, 9 തീയതികളിൽ മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടക്കും. മിനി ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കുട്ടികൾ 2013 ജനുവരി ഒന്നിനും അതിനുശേഷവും ജനിച്ചവരായിരിക്കണം. ഫോൺ: 7902794080.

സുദിനം
കണ്ണൂർ എഡിഷൻ
10/11/2025
page 2 കോളം 1

## ക്രസന്റ് ആർട്സ് & സ്പോർട്സ് ക്ലബ് ചാമ്പ്യന്മാർ

**മട്ടന്നൂർ**: മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്ന ബോയ്സ് വിഭാഗം ത്രോബോൾ മിനി മത്സരത്തിൽ ക്രസന്റ് ആർട്സ് & സ്പോർട്സ് ക്ലബ് ജേതാക്കളായി. വാശിയേറിയ മത്സരത്തിൽ മാത്തിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഫസ്റ്റ് റണ്ണറപ്പും (രണ്ടാം സ്ഥാനം), ആതിഥേയരായ മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ സെക്കൻഡ് റണ്ണറപ്പും (മൂന്നാം സ്ഥാനം) കരസ്ഥമാക്കി. മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീജിത്ത് കുമാർ മത്സരം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ബഷീർ മാസ്റ്റർ, ശ്യാം മാസ്റ്റർ, വിശാഖ് മാസ്റ്റർ എന്നിവർ സംസാരിച്ചു. ജില്ലാ ത്രോബോൾ അസോസിയേഷൻ ട്രഷറർ ഷംസുദ്ദീൻ മാസ്റ്റർ ചടങ്ങിന് നന്ദി രേഖപ്പെടുത്തി